**മംഗളവാർത്ത ഒന്നാം ഞായർ**

**ലൂക്കാ 1:5-25**

## സ്നാപകയോഹന്നാന്റെ ജനനാറിയിപ്പ്

**റവ. ഡോ. ജോസഫ് ചാക്കോ**

ദിനവൃത്താന്തം ഒന്നാം പുസ്തകം 24:18-18-ലെ വിവരണ ശൈലിയിലാണ് സക്കറിയയുടെയും എലിസബത്തിന്റെയും വംശത്തെ ലൂക്കാ അവതരിപ്പിക്കുന്നത്. സക്കറിയ അബിയയുടെ ഗണത്തിൽ (1 ദിനവൃത്താന്തം 24:10) പ്പെടുന്ന പുരോഹിതനാണ്. പാരമ്പര്യമനുസരിച്ച് നറുക്കിട്ടാണ് ഓരോ അവസരത്തിലും ദേവാലയ ശുശ്രൂഷയ്ക്ക് പുരോഹിതരെ നിശ്ചയിച്ചിരുന്നത്. എലിസബത്ത് അഹറോന്റെ വംശത്തിൽപ്പെട്ടവളുമായിരുന്നു (പുറ 6:23).

രണ്ടു പ്രത്യേകതകൾ ഈ ദമ്പതികളെക്കുറിച്ച് ലൂക്കാ പറയുന്നു. 1. ഇവർ ദൈവതിരുമുമ്പിൽ നീതിനിഷ്ഠയുള്ളവരും കർത്താവിന്റെ / ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരും ആയിരുന്നു. 2. ഇവർ മക്കളില്ലാത്തവരും പ്രായം കവിഞ്ഞവരും (കുഞ്ഞുങ്ങളുണ്ടാകുന്നതിന്) എലിസബത്ത് വന്ധ്യയുമായിരുന്നു. രണ്ടു പേരുടെയും സ്വഭാവഗുണങ്ങളും വ്യക്തിപരമായ പ്രശ്നങ്ങളും ലൂക്കാ അവതരിപ്പിക്കുന്നു. വരാൻ പോകുന്ന /ഇനി അവതരിപ്പിക്കാനുള്ള കാര്യത്തിന് പശ്ചാത്തലമൊരുക്കുന്ന വിധം കാര്യങ്ങൾ അവതരിപ്പിക്കുകയാണിവിടെ (ലൂക്കാ 1:5-8).

ഇനിയുള്ള സംഭവവിവരണം ദേവാലയ പശ്ചാത്തലത്തിലാണ്. യഹൂദ ആചാരപ്രകാരം ഒരു ദേവാലയമേ ഉണ്ടായിരുന്നുള്ളൂ. അത് ജറുസലേമിൽ ആയിരുന്നു. അതിനാൽ ഈ സംഭവങ്ങൾ അരങ്ങേറുന്നത് ജറുസലേമിലായിരിക്കണം. ധൂപാർപ്പണ സമയം കർത്താവിന്റെ ദൂതൻ ബലിപീഠത്തിനു സമീപം നിൽക്കുന്നതായി പ്രത്യക്ഷപ്പെട്ടു. ദൂതൻ സക്കറിയായോടു സംസാരിക്കുന്നു. പഴയനിയമ പുസ്തകങ്ങളിൽ പല സ്ഥലങ്ങളിലും കാണുന്നതുപോലെ ദൈവമനുഷ്യ സമാഗമത്തിന്റെ മധ്യസ്ഥരായി ദൂതന്മാർ നിലകൊള്ളുന്നു. സക്കറിയ അസ്വസ്ഥനും ഭയചകിതനുമായി.

എല്ലാമറിയാവുന്നതു പോലെയാണ് ദൂതൻ സംസാരിക്കുന്നത്. സക്കറിയാ, നിന്റെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നിന്റെ ഭാര്യ ഗർഭിണിയാകും പുത്രന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തോഷവും ഉണ്ടാകും. ഇപ്രകാരം എലിസബത്തിനും സക്കറിയായ്ക്കുമായി സന്ദേശം നല്കുന്നു. തുടർന്ന്, ജനിക്കാൻ പോകുന്ന മകനെക്കുറിച്ചും അവൻ വഴി ലോകത്തിനുണ്ടാകുന്ന നന്മകളെക്കുറിച്ചും പ്രതിപാദിക്കുന്നു. ലോകത്തിലുള്ള കുറെ ജനങ്ങൾക്ക് ആഹ്ലാദമുണ്ടാകും. കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനാകും. പരിശുദ്ധാത്മാവിനാൽ നിറയും. വീഞ്ഞും ലഹരിപാനീയങ്ങളും കുടിക്കില്ല (താപസനെ പോലെ കഴിയും). അവൻ കർത്താവിനു വഴിയൊരുക്കുന്നവനാണ്. വഴിതെറ്റിപ്പോയ അനേകം ഇസ്രായേൽ മക്കളെ കർത്താവിന്റെ വഴിയിലേക്കു കൊണ്ടുവരും. ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ കർത്താവിനു മുമ്പേ പോകുന്നവനാണ് അവൻ.

അസ്വസ്ഥനും ഭയവിഹ്വലനുമായ സക്കറിയ ഇവിടെ സംശയത്തിന്റെ ചോദ്യങ്ങൾ ഉരുവിടുന്നു. തന്റെ സാഹചര്യങ്ങൾ വെളിപ്പെടുത്തുന്നു. പ്രധാനപ്പെട്ട ഒരു ചോദ്യമാണ് സക്കറിയ ചോദിക്കുന്നത്. ഇതു ഞാൻ എങ്ങനെ അറിയും? സക്കറിയായുടെ ചോദ്യം ന്യായമാണെന്നു തോന്നാം. എന്നാൽ ദൈവിക വെളിപാടുകളുടെ യാഥാർത്ഥ്യത്തെ ചോദ്യം ചെയ്ത സക്കറിയായ്ക്ക് യഥാകാലം പൂർത്തിയാകേണ്ട വചനങ്ങളെ അവിശ്വസിച്ചതിനാൽ അവ സംഭവിക്കുന്നതുവരെ സംസാരശേഷി നഷ്ടപ്പെടുന്നു. സംസാരശേഷി നഷ്ടപ്പെട്ടു എന്നറിഞ്ഞ ജനം അവന് ദൈവത്തിന്റെ ദർശനമുണ്ടായി എന്നു അനുമാനിക്കുന്നു.

സക്കറിയായും എലിസബത്തും വീണ്ടും ഭവനത്തിൽ ഒരുമിച്ചു എത്തുന്നു. ദൈവദൂതൻ വഴി സംഭവിച്ച കാര്യങ്ങൾ അവരുടെ ഭവനത്തിൽ സംഭവിച്ചു. പഴയനിയമത്തിലെ മനുഷ്യരുടെ ഇടയിൽ

എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവു കടാക്ഷിച്ചു (ഉത്പ 30:23) എന്ന് അവൾ വിശ്വസിച്ചു.

– യേശുവിന്റെ ജനനത്തിന് മുന്നോടിയായി കർത്താവിന് വഴിയൊരുക്കാൻ വന്നവന്റെ ജനനത്തെക്കുറിച്ച് ലൂക്കാ വിവരിക്കുന്നു. സക്കറിയായുടെയും എലിസബത്തിന്റെയും സ്വഭാവ വിശേഷങ്ങളും അവരുടെ ജീവിതദുഃഖങ്ങളും ഇവിടെ പ്രസക്തമാകുന്നു.

– പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രവർത്തിക്കുകയും ദൈവമനുഷ്യബന്ധങ്ങൾ നേരെയാക്കുകയും അങ്ങനെ രക്ഷകനും കർത്താവുമായവന് വഴിയൊരുക്കുകയും ചെയ്യുന്നതാണ് യോഹന്നാന്റെ കർത്തവ്യം. ഇതിന് ദൈവം ഒരു കുടുംബത്തെ തെരഞ്ഞെടുക്കുന്നു... അവരുടെ അയോഗ്യതകളെ യോഗ്യതകളാക്കി മാറ്റുന്നു.

– സക്കറിയ യഥാകാലം പൂർത്തിയാകേണ്ട ദൈവവചനത്തെ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുകയും അസംഭവ്യമെന്നു തോന്നുന്നവ ദൈവഹിതപ്രകാരം സംഭവിക്കും എന്നു മനസ്സിലാക്കാതിരിക്കുകയും ചെയ്തതിനാൽ താത്കാലികമായെങ്കിലും ശിക്ഷയ്ക്ക് അർഹനാകുന്നു. ദൈവവചനത്തെ എന്തിനു ഭയപ്പെടണം ദൈവഹിതത്തിനു വിട്ടുകൊടുത്താൽ പോരെ എന്ന ചോദ്യം ഇവിടെ പ്രസക്തമാകുന്നു.

– പഴയനിയമത്തിലെ സാറ, റബേക്ക, സീയോനിലെ ദുഃഖിതരായ സ്ത്രീകൾ എന്നിവരുടെ ഗണത്തിൽ എലിസബത്തിനെയും കൂട്ടുന്നതിൽ അപാകതയുണ്ടെന്നു തോന്നുന്നില്ല. കാരണം ദുഃഖത്തിന്റെയും അപമാനത്തിന്റെയും നിഴൽപാടുകളിൽ നിന്ന് കർത്താവിന്റെ പ്രവൃത്തികളാൽ സന്തോഷത്തിലേക്കു എലിസബത്തും കടന്നുവരുന്നു. കുറവുകളും ബലഹീനതകളുമെന്നു തോന്നുന്ന ചില കാര്യങ്ങൾ ദൈവം തന്റെ പദ്ധതിയുടെ ഫലമായി കരുണയും സന്തോഷവും ആനന്ദവുമാക്കി മാറ്റുന്നു. അതു കണ്ണു തുറന്നു കാണാനും കാതുകൾ തുറന്നു കേൾക്കാനും മനസ്സു തുറന്ന് ആസ്വദിക്കാനും കഴിയണം.